പതിമൂന്നാം കേരള നിയമസഭ
ആറാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 274 — 21.12.2012-ന് മറുപടിക്ക്

## വീടുകളിൽ മാലിന്യം സംസ്കരിക്കുന്നവർക്ക് നികുതിയിളവ്

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. എം. പി. വിൻസെന്റ്<br>,, പി. എ. മാധവൻ<br>,, ഐ. സി. ബാലകൃഷ്ണൻ<br>,, ആർ. സെൽവരാജ് | ഡോ.എം.കെ.മുനീർ<br>(പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പു മന്ത്രി) |
| എ) വീടുകളിൽ മാലിന്യം സ്വയം സംസ്കരിക്കുന്നതിന് എന്തെല്ലാം പ്രോത്സാഹനങ്ങളാണ് നൽകാനുദ്ദേശിക്കുന്നത്; വിശദമാക്കുമോ; | എ) ഉറവിട മാലിന്യ സംസ്ക്കരണമാണ് അനുയോജ്യം എന്ന് കണ്ടതിനാൽ ഖരമാലിന്യ സംസ്ക്കരണം സ്വമേധയാ നടപ്പിലാക്കുന്ന സ്വകാര്യ വ്യക്തികൾക്ക് അതാത് പ്രദേശത്തെ ഗ്രാമ പഞ്ചായത്തുകൾ, മുനിസിപ്പാലിറ്റികൾ, നഗരസഭാ കോർപ്പറേഷനുകൾ എന്നീ സ്ഥാപനങ്ങൾ പദ്ധതി തയ്യാറാക്കുകയും സർക്കാർ അനുവദിക്കുന്ന സബ്സിഡി തുക കണക്കിലെടുത്ത് പ്രോജക്ടുകൾക്ക് സാങ്കേതിക അനുമതിയും സാമ്പത്തിക സഹായവും ലഭ്യമാക്കിയും വരുന്നു. കമ്പോസ്റ്റ് സംവിധാനങ്ങൾക്ക് പദ്ധതി തയ്യാറാക്കുകയും പ്രോജക്ട് കോസ്റ്റിന്റെ 90% തുക (75% തുക ശുചിത്വമിഷൻ വഴി ഗവൺമെന്റ് വിഹിതവും 15% തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിന്റെ വിഹിതവും) സബ്സിഡിയായും, ബയോഗ്യാസ് പ്ലാന്റുകൾക്ക് 75% തുക (50% തുക ശുചിത്വമിഷൻ വഴി ഗവൺമെന്റ് വിഹിതവും 25% തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിന്റെ വിഹിതവും) സബ്സിഡിയായും നൽകി വരുന്നു. ആയത് പ്രകാരം നൽകുന്ന സബ്സിഡി ബന്ധപ്പെട്ട തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ മുഖേനയാണ് ജനങ്ങൾക്ക് വിതരണം ചെയ്യുന്നത്. |

| | | | |
|---|---|---|---|
| ബി) | മാലിന്യ സംസ്കരണം സ്വയം നടത്തുന്നവർക്ക് കെട്ടിട നികുതിയിൽ ഇളവ് അനുവദിക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ എന്തെല്ലാം; | ബി) | ഉണ്ട്. സംസ്ഥാനത്തെ വീടുകളിലെ വികേന്ദ്രീകൃത മാലിന്യ സംസ്ക്കരണം പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി കമ്പോസ്റ്റിംഗ് സംവിധാനം, ബയോഗ്യാസ് പ്ലാന്റ് എന്നിവ സ്ഥാപിക്കുന്ന വീടുകൾക്ക് വീട്ടു കരത്തിൽ 10% വരെ ഇളവ് ലഭിക്കാൻ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്ക് അനുവാദം നൽകിയിട്ടുണ്ട്. |
| സി) | ഇളവുകൾ നൽകാനുള്ള അധികാരം ആർക്കാണ് നൽകാനുദ്ദേശിക്കുന്നത്; വിശദമാക്കുമോ? | സി) | വീട്ടുകരത്തിൽ 10% ഇളവ് നൽകുവാനുള്ള അധികാരം ബന്ധപ്പെട്ട തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്കാണ് നൽകിയിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ